നിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചു. പ്രസ്തുത പദ്ധതിയുടെ ആറു വാർഡുകളിൽ അഞ്ചെണ്ണത്തിലും ശുദ്ധജല ലഭ്യത കുറവായതിനാൽ ഈ പദ്ധതിക്ക് അംഗീകാരം നൽകണമെന്നാണ് കമ്മിറ്റി ശുപാർശ ചെയ്തത്. ഇതിന് എത്രയും വേഗം അംഗീകാരം ലഭ്യമാക്കാൻ കഴിയുമെന്ന് കരുതുന്നു. കുഴൽമന്ദം നിയോജകമണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി, കുത്തന്നൂർ, തരൂർ എന്നീ വില്ലേജുകൾക്കുവേണ്ടിയുള്ള ഒരു ശുദ്ധജല വിതരണ പദ്ധതി യുടെ സർവേ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ചൂലന്നൂർ, തോലന്നൂർ എന്നീ സ്ഥലങ്ങളും ഈ പദ്ധതി പ്രദേശങ്ങളിൽപ്പെട്ടതാണ്. ഈ പദ്ധതിക്ക് വിശദ മായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ നടപടി സ്വീക രിച്ചുവരികയാണ്.

(10) മാള നിയോജകമണ്ഡലത്തിലെ വാളൂർ-കൊരട്ടി റോഡിന്റെ പണി

ശ്രീ. യു.എസ്. ശശി : സർ, മാള നിയോജകമണ്ഡലത്തിൽപ്പെടുന്ന അന്നമനട പഞ്ചായത്തിലെ വാളൂർ-കൊരട്ടി റോഡ് സഞ്ചാരയോഗ്യമാക്കണ മെന്നാണ് എന്റെ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. വാളൂർ-കൊ രട്ടി റോഡിന് 52 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പണി തുടങ്ങിയ താണ്. മെറ്റലിംഗ് ഉൾപ്പെടെയുള്ള പണികൾ കഴിഞ്ഞു കിടക്കുകയാണ്. ടാറിംഗ് പണികൾ നടത്താത്തതുമൂലം മെറ്റൽ ഇളകി കിടക്കുന്നു. ഇതുമൂലം വഴിയാത്രക്കാർക്കുപോലും സഞ്ചരിക്കാൻ കഴിയാതെ വന്നിരിക്കുകയാണ്. നടന്ന പണികളുടെ സംഖ്യ കോൺട്രാക്ടർക്കു കൊടുക്കാത്തതുകൊണ്ടാണ് ഈ റോഡിന്റെ ടാറിംഗ് പണികൾ നടത്താൻ തയ്യാറാകാതെ വന്നത്. ഈ റോഡിലൂടെയുള്ള വാഹന ഗതാഗതം പോലും നിരോധിച്ചിരിക്കുകയാണ്. ഈ റോഡ് ഗതാഗത യോഗ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെ ന്നാണ് സർക്കാരിനോട് ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, വാളൂർ-കൊരട്ടി റോഡിന് 13 ലക്ഷം രൂപ ജൂൺ മാസത്തിൽ കൊടുത്തി ട്ടുണ്ട്. ഈ റോഡ് വില്ലേജ് റോഡ് ഗണത്തിൽപ്പെടുന്നതാണ്. ഒരു മെറ്റലിംഗ് കഴിഞ്ഞു. രണ്ടാമത്തെ മെറ്റലിംഗും ടാറിംഗും കൂടി എത്രയും പെട്ടെന്ന് നട ത്താൻ നിർദ്ദേശം കൊടുക്കാം.

(11) വലിയ പെരുംപുഴപാലത്തിന്റെ പുനർ നിർമ്മാണം

ശ്രീ. എം. മുരളി : സർ, നാലുകോടി രൂപ നിർമ്മാണചെലവു വരുന്ന മദ്ധ്യ തിരുവിതാംകൂറിന്റെ വികസനത്തിൽ ഒരു നാഴികക്കല്ലായ കൊല്ലം, കോട്ടയം ജില്ലകളെയും നാഷണൽ ഹൈവേയേയും എം.സി. റോഡിനെയും ഏറ്റവും കുറഞ്ഞ ദൂരം കൊണ്ട് ബന്ധിപ്പിക്കാൻ കഴിയുന്ന മാവേലിക്കരയിലെ വലിയ പെരുമ്പുഴ പാലത്തിന്റെ പുനർനിർമ്മാണം കരാറുകാരന് യഥാസമയം പണം നൽകാതിരുന്നതിനാൽ മന്ദീഭവിച്ചിരിക്കുകയാണ്. ഈ സുപ്രധാനമായ പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ പണം സർക്കാർ ലഭ്യമാക്കണം. പാലം പണി ഒരു കാരണവശാലും ഇനി നിറുത്തിവയ്ക്കാൻ ഇട നൽകരുത് എന്നാണ് സർക്കാരിനോട് അഭ്യർത്ഥിക്കുന്നത്. മദ്ധ്യ തിരുവിതാംകൂറിന്റെ ഗ്രാമീണ മേഖലയുടെ വികസനത്തിനുള്ള ഈ സുപ്രധാനമായ പാലത്തിന്റെ നിർമ്മാണത്തിന് ധനസഹായം ചെയ്യാൻ നബാർഡ് തയ്യാറാണ്. ഞാൻ നബാർഡിന്റെ ആസ്ഥാനമായ ബോംബെയിൽ രണ്ടു പ്രാവശ്യം പോയി.

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെ തിരസ്ക്കരിച്ച നിർദ്ദേശങ്ങൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു. നബാർഡ് ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. ഈ പാലത്തിന്റെ പണി പുനരാരംഭിച്ച സന്ദർഭത്തിൽ പൊതുമരാമത്തു വകുപ്പിന് ആ നിർദ്ദേശങ്ങൾ കാണിച്ചുകൊണ്ട് തിരിച്ചു അയച്ചു. നബാർഡിന്റെ നിബന്ധനകൾ നിറവേറ്റുന്നതിൽ പൊതുമരാമത്ത് വകുപ്പ് കുറ്റകരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. നബാർഡിന്റെ ധനസഹായത്തിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കാൻ സർക്കാർ പൊതുമരാമത്തു വകുപ്പിനോട് നിർദ്ദേശിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, 1991-ൽ പണി തുടങ്ങിയതാണ്. മുടങ്ങിക്കിടന്ന ഈ പാലത്തിന്റെ പണി ഈ ഗവൺമെന്റ് വന്നതിനു ശേഷം 11.4.97-ലാണ് പുനരാരംഭിച്ചത്. ഈ പാലത്തിനു മാത്രമല്ല ഒട്ടേറെ വർക്കുകൾക്ക് ഫണ്ട് കൊടുക്കാനുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രീതിയിൽ ആർ.ഐ.ഡി.എഫ്-5ൽ ഉൾപ്പെടുത്താൻ പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. വളരെ വേഗത്തിൽ അതിനുള്ള നടപടികൾ പൂർത്തിയാക്കി നബാർഡിനു സമർപ്പിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(12) കാസർഗോഡ് ജില്ലയിലെ അദ്ധ്യാപകരുടെ നിയമനം

ശ്രീ. പി. രാഘവൻ : സർ, കാസർഗോഡ് ജില്ലയിൽ പതിവുപോലെ ഈ വർഷവും അധ്യാപകരുടെ നിയമനം താമസിച്ചാണ് നടന്നത്. അധ്യാപകരെ ജൂൺ 1-ന് തന്നെ നിയമിക്കാനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിരുന്നു. ഒഴിവ് നികത്തുന്നതിനുള്ള അടിയന്തിര നടപടികളും വകുപ്പധികൃതരും അതുപോലെ ഗവൺമെന്റും ആരംഭിക്കുകയും ചെയ്തു. എന്നാൽ സർക്കാരിനെയും വകുപ്പധികൃതരെയും ധിക്കരിക്കുന്ന ഒരു ഡെപ്യൂട്ടി ഡയറക്ടറുണ്ട്. അദ്ദേഹം ഈ ശ്രമങ്ങളെയെല്ലാം അട്ടിമറിക്കുകയാണ് ചെയ്ത്. മേയ് 19-ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നുള്ള ലിസ്റ്റു പ്രകാരം അധ്യാപകരെ നിയമിക്കാനുള്ള നടപടികളാരംഭിച്ചതാണ്. പക്ഷെ ഒരു മാസം കഴിഞ്ഞിട്ടും ആ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ഡെപ്യൂട്ടി ഡയറക്ടർ തയ്യാറായില്ല. അവിടത്തെ ജില്ലാ പഞ്ചായത്തും വിവിധ പൊതുജന സംഘടനകളും നിരവധി പ്രാവശ്യം അദ്ദേഹത്തോട് ആവശ്യപ്പെട്ടിട്ടും ലിസ്റ്റ് പ്രകാരമുള്ള അധ്യാപകരെ നിയമിച്ചില്ല. ഏറ്റവുമൊടുവിൽ ഇന്നലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ലിസ്റ്റ് പ്രകാരമുള്ള നിയമനങ്ങൾ കഴിഞ്ഞുവെന്നാണ് മനസ്സിലാക്കുന്നത്. ഒരു മാസം വച്ച് താമസിപ്പിച്ചത് ഈ ഉദ്യോഗസ്ഥൻ മാത്രമാണ്. ഇപ്പോൾ അത് ഉന്നയിക്കാൻ കാരണം, വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ഭാവിയൊക്കെ അപകടത്തിലാക്കുന്ന ഈ ഉദ്യോഗസ്ഥൻ അവിടെ വേണ്ടാത്ത ഒരുപാട് കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ചെർക്കളം ഗവൺമെന്റ് സ്കൂളിലെ പി.ടി.എ. പ്രസിഡന്റ്, ബഹുമാനപ്പെട്ട മന്ത്രിക്കും അധികൃതർക്കും ഒരു പരാതി അയച്ചിട്ടുണ്ട്. അദ്ദേഹത്തിന് ഒരു ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കാൻ 25,000 രൂപ തരണമെന്ന് ആവശ്യപ്പെട്ടുവെന്നാണ് പി.ടി.എ. പ്രസിഡന്റിന്റെ പരാതി. അതു സംബന്ധിച്ച് ജോയിന്റ് ഡയറക്ടർ ഇവിടെനിന്ന് അന്വേഷണത്തിന് പോയപ്പോൾ ആ പരാതി ആവർത്തിക്കുകയുണ്ടായി. ഇപ്പോൾ അവിടെ പി.എസ്.സി. നിയമനം നടന്നു. പി.എസ്.സി.യിലെ അധ്യാപകരെ ദൂരെ പ്രദേശങ്ങളിലേക്ക് നിയമിച്ച് അവരോട് കാശ് വാങ്ങുന്ന ഒരു സ്ഥിതിയിലേയ്ക്ക് അദ്ദേഹം എത്തിയിട്ടുണ്ട്. 5,000 രൂപയും 10,000 രൂപയുമൊക്കെയാണ് അദ്ദേഹം ആവശ്യപ്പെടുന്നത്. അതു സംബന്ധിച്ചുള്ള പരാതികളുണ്ട്. ഇതു സംബന്ധിച്ച് എല്ലാ പത്രങ്ങ

LIBRARY ARCHIVES Kerala Legislative Assembly